# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T1603 — 14-07-2016-ൽ മറുപടിക്ക്

## ഗെയിൽ വാതക പൈപ്പ് ലൈൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോർജ്ജ് എം. തോമസ് | | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദിഷ്ട കൊച്ചി-മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ ആശങ്കകൾ പരിഹരിക്കുന്നതിന് ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | ജനവാസ കേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ റൂട്ട് നിശ്ചയിച്ചിട്ടുളളത്. ജനസാന്ദ്രത കൂടിയ മേഖലകളിൽ വിന്യസിക്കുന്ന പൈപ്പുകൾക്ക് ജനസാന്ദ്രതാ ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പു വരുത്തി ശാസ്ത്രീയമായാണ് രൂപകൽപന ചെയ്തിട്ടുളളത്. വീടുകളെയും മറ്റു കെട്ടിടങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. |

**(സി)** പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ മതിയായ നഷ്ടപരിഹാരം (പൊന്നുംവില) നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**(സി)** വാതക പൈപ്പ്‌ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. നഷ്ടപരിഹാരം രണ്ടു ഘട്ടങ്ങളിലായാണ് നൽകുന്നത്. 1. വിളകളുടെ നഷ്ടപരിഹാരം, 2. സ്ഥലത്തിന്റെ നഷ്ടപരിഹാരം. വിളകൾക്ക് കോംപീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വില നൽകും. P&MP Act പ്രകാരം കോംപീറ്റന്റ് അതോറിറ്റി നിശ്ചയിക്കുന്ന സ്ഥലത്തിന്റെ വിപണിവിലയുടെ 10% മാത്രമേ നഷ്ടപരിഹാരമായി നൽകുവാൻ വ്യവസ്ഥയുള്ളൂ. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ന്യായവിലയുടെ 5 ഇരട്ടി ഭൂമിയുടെ വിപണിവിലയായി നിശ്ചയിച്ച് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ വില അപര്യാപ്തമാണ് എന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ